ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 23.03.2026

## പ്രധാനവാർത്തകൾ

1. പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ ആശങ്കാജനകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യൻ പൗരൻമാരുടെ സുരക്ഷയ്ക്ക് പ്രഥമ പരിഗണനയെന്നും ലോക്സഭയിൽ നടത്തിയ പ്രസ്താവനയിൽ പ്രധാനമന്ത്രി.
2. സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശപത്രികാ സമർപ്പണം അവസാനിച്ചു. നാളെ സൂക്ഷ്മ പരിശോധന. പരസ്യപ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ.
3. നിയമസഭാ തിരഞ്ഞെടുപ്പിൽ പോളിങ് 85 ശതമാനം മറികടക്കാനാണ് ലക്ഷ്യമിടുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. വോട്ടെടുപ്പിന് ഇനി 17 ദിവസങ്ങൾ.
4. ശരണമന്ത്രങ്ങളാൽ മുഖരിതമായി ശബരിമല. 10 ദിവസത്തെ ഉത്സവത്തിന് കൊടിയേറി.
5. ഗാർഹിക, ഗതാഗത ആവശ്യങ്ങൾക്കുള്ള പ്രകൃതിവാതക വിതരണത്തിന് രാജ്യം പൂർണസജ്ജമെന്ന് കേന്ദ്ര സർക്കാർ.
6. ഹോർമുസ് കടലിടുക്ക് തുറക്കുന്നതിനായി ഇറാന് നൽകിയ സമയപരിധി അഞ്ച് ദിവസം കൂടി നീട്ടി അമേരിക്ക.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

**പാർലമെൻറിൻറെ ബജറ്റ് സമ്മേളനം**

2026- ലെ ധനകാര്യ ബില്ലിന്മേൽ ലോക്സഭയിൽ ചർച്ച പുരോഗമിക്കുന്നു. കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനാണ് ബിൽ സഭയിൽ അവതരിപ്പിച്ചത്.

2026-ലെ കോർപ്പറേറ്റ് നിയമ (ഭേദഗതി) ബിൽ സംയുക്ത പാർലമെൻററി കമ്മിറ്റിക്ക് വിട്ടു. അതേസമയം,രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

**പ്രധാനമന്ത്രി -ലോക്സഭ (ഇൻസ്രോ)**

പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ ആശങ്കാജനകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോക്സഭയിൽ ഈ വിഷയത്തിൽ പ്രസ്താവന നടത്തുകയായിരുന്നു അദ്ദേഹം. പശ്ചിമേഷ്യൻ സംഘർഷം ആഗോള സമ്പദ് വ്യവസ്ഥയ്ക്ക് വെല്ലുവിളിയാകുന്ന സ്ഥിതിയാണ് നിലനിൽക്കുന്നതെന്നും ഇന്ത്യൻ പൗരൻമാരുടെ സുരക്ഷയ്ക്കാണ് പ്രഥമ പരിഗണന നൽകുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ് - പി എം)

☸☸☸☸☸☸☸☸☸☸☸☸☸

**പശ്ചിമേഷ്യ**

രാജ്യത്തെ എല്ലാ റിഫൈനറികളും പരമാവധി ശേഷിയിൽ പ്രവർത്തിക്കുന്നതായി പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ

RNU TVPM

ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ. ഗാർഹിക, ഗതാഗത ആവശ്യങ്ങൾക്കായുള്ള പ്രകൃതിവാതകം, വിതരണത്തിനായി പൂർണസജ്ജമാണെന്നും ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അവർ അറിയിച്ചു. സംസ്ഥാനങ്ങളുടെയോ പ്രാദേശിക ഭരണകൂടങ്ങളുടെയോ കീഴിലുള്ള റസ്റ്റോറൻറുകൾ, ഹോട്ടലുകൾ, വ്യാവസായിക കാൻറീനുകൾ ഉൾപ്പെടെയുള്ളവയ്ക്ക് മുൻഗണന നൽകുമെന്നും ശ്രീമതി സുജാത ശർമ്മ വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸

<u>പത്രിക-പ്രചാരണം കേരളം (ഇൻട്രോ)</u>

കേരളം ഉൾപ്പെടെ നാല് സംസ്ഥാനങ്ങളിലും ഒരു കേന്ദ്ര ഭരണപ്രദേശത്തും നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശപത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. സംസ്ഥാനത്തൊട്ടാകെ 1,181 പത്രികകളാണ് ലഭിച്ചത്. 676 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി കൂടി ഈ മാസം 26 -ന് അവസാനിക്കുന്നതോടെ മത്സരചിത്രം തെളിയും.

**വിശദാംശങ്ങളിലേക്ക്...**

(വോയിസ്)

<u>പത്രിക-പ്രചാരണം കേരളം (വോയിസ്)</u>

വിവിധ മുന്നണികളുടെ പ്രമുഖ സ്ഥാനാർഥികൾ ഉൾപ്പെടെ ഇന്ന് പത്രിക സമർപ്പിച്ചു. പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെ നടക്കും. ഈ മാസം 26 വരെ പത്രിക പിൻവലിക്കാം. സ്ഥാനാർഥികളെല്ലാം ഇനി പരസ്യ പ്രചാരണത്തിലായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മുന്നണികളുടെ ദേശീയ നേതാക്കൾ

RNUTVPM

വരും ദിവസങ്ങളിൽ പ്രചാരണത്തിനായി കേരളത്തിലുണ്ടാകും. ബിജെപിക്കായി പ്രധാനമന്ത്രിയും മുതിർന്ന നേതാവുമായ നരേന്ദ്രമോദി, കേന്ദ്ര മന്ത്രി അമിത് ഷാ, പാർട്ടി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ എന്നിവർ എത്തും. യു ഡി എഫിന്റെ പ്രചാരണത്തിന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയുടെ പര്യടനം മറ്റെന്നാൾ കോഴിക്കോട്ട് ആരംഭിക്കും. എൽ ഡി എഫ് പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ വിവിധ ജില്ലകളിൽ പര്യടനം നടത്തുകയാണ്. 140 മണ്ഡലങ്ങളിലേക്കും അടുത്തമാസം 9 നാണ് വോട്ടെടുപ്പ്. മെയ് നാലിനാണ് വോട്ടെണ്ണൽ.

ന്യൂസ് ഡസ്ക്,ആകാശവാണി

❁❁❁❁❁❁❁❁❁❁❁❁❁

<u>**രത്തൻ യു കേൽക്കർ-വാർത്താക്കുറിപ്പ്**</u>

തിരഞ്ഞെടുപ്പ് കമ്മീഷൻറെ കത്തിലെ രാഷ്ട്രീയ പാർട്ടിയുടെ സീൽ, ക്ലെറിക്കൽ പിഴവാണെന്നും നേരത്തെ തന്നെ തെറ്റ് തിരുത്തിയതായും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. പിശക് ചൂണ്ടിക്കാട്ടി മാർച്ച് 21 ന് തന്നെ നിർദ്ദേശം പിൻവലിച്ചുകൊണ്ടുള്ള അറിയിപ്പ്, എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും റിട്ടേണിംഗ് ഓഫീസർമാർക്കും നൽകിയിരുന്നതായും അദ്ദേഹം അറിയിച്ചു. പഴുതടച്ചുള്ള പ്രവർത്തനങ്ങളാണ് കമ്മീഷൻ നടത്തിവരുന്നതെന്നും തെറ്റായ സന്ദേശം പ്രചരിപ്പിക്കുന്നത് ഒഴിവാക്കണമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ വാർത്താക്കുറിപ്പിൽ അഭ്യർഥിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

PNU TVPM

## പി ഐ ബി - വോ ട്ടറിവ് (ഇൻട്രോ)

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ - വോട്ടറിവ് കൈപ്പുസ്തകം പുറത്തിറക്കി. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ പ്രകാശനം ചെയ്തു. ഒരു റിപ്പോർട്ട്...
(വോയിസ്)

## പി ഐ ബി - വോ ട്ടറിവ് (വോയിസ്)

തിരുവനന്തപുരത്തെ പ്രാദേശിക മാധ്യമപ്രവർത്തകർക്കായി പിഐബി സംഘടിപ്പിച്ച മാധ്യമശിൽപശാലയിലാണ് കൈപ്പുസ്തകത്തിൻറെ പ്രകാശനം നടന്നത്. ഇത്തവണ തിരഞ്ഞെടുപ്പിൽ പോളിങ് 85 ശതമാനം മറികടക്കാനാണ് ലക്ഷ്യമിടുന്നതെന്ന് ശ്രീ.രത്തൻ യു കേൽക്കർ പറഞ്ഞു. ഇതിനായി കൂടുതൽ യുവ വോട്ടർമാരെ പോളിംഗ് സ്റ്റേഷനിലെത്തിക്കാനുള്ള ശ്രമത്തിലാണെന്നും അദ്ദേഹം അറിയിച്ചു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പോസിറ്റീവ് ആയ വാർത്തകൾ ജനങ്ങളിൽ എത്തിക്കാൻ മാധ്യമപ്രവർത്തകർ ശ്രദ്ധിക്കണമെന്നും അദ്ദേഹം വ്യക്തമാക്കി.
(വോയിസ് -CEO)
പി ഐ ബി പുറത്തിറക്കിയ തിരഞ്ഞെടുപ്പ് പുസ്തകം മാധ്യമപ്രവർത്തകർക്ക് ഏറെ സഹായകരമാകുമെന്ന് പരിപാടിയിൽ പങ്കെടുത്ത പ്രസ് ഇൻഫർമേഷൻ ബ്യൂറോ അഡിഷണൽ ഡയറക്ടർ ജനറൽ വി.പളനിച്ചാമി പറഞ്ഞു. നിയമസഭാ തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള ലഘു റഫറൻസ് ഗ്രന്ഥമായി വിഭാവനം ചെയ്തിട്ടുള്ള ഈ പുസ്തകത്തിൽ 1957 മുതലുള്ള കേരള നിയമസഭാ തിരഞ്ഞെടുപ്പുകളുടെ ചരിത്രവും 2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിലെ മണ്ഡലം തിരിച്ചുള്ള പ്രധാന വിശദാംശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പുസ്തകത്തിൻ്റെ

RNU TVPM

ഡിജിറ്റൽ പതിപ്പ് പ്രസ് ഇൻഫർമേഷൻ ബ്യൂറോ വെബ്സൈറ്റിൽ ലഭ്യമാണ്.
ന്യൂസ് ഡെസ്ക്, ആകാശവാണി.

❁❁❁❁❁❁❁❁❁❁❁❁❁

## കൺട്രോൾ റൂം

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന നർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയുടെ കൊച്ചി മേഖല ഓഫീസിൽ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച്, ലഹരിമരുന്ന് കടത്ത് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറുന്നതിന് പ്രത്യേക കൺട്രോൾ റൂം രൂപീകരിച്ചു. നിയമസഭാ തിരഞ്ഞെടുപ്പ് ദിനം വരെ 24 മണിക്കൂറും 0484-2425321 എന്ന ലാൻഡ് ലൈൻ പ്രവർത്തിക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഒമാൻ

ഒമാനിൽ മിന്നൽപ്രളയത്തിൽ പെട്ട് കാണാതായ പാലക്കാട് സ്വദേശി റംലയുടെ മൃതദേഹം കണ്ടെത്തി. ഒരു ദിവസം നീണ്ട തെരച്ചിലിന് ഒടുവിലാണ് മൃതദേഹം കണ്ടെത്തിയത്. അപകടത്തിൽ റംലയുടെ മകൻ യൂസഫ്, യാത്രാ സംഘത്തിൽ ഉണ്ടായിരുന്ന ഷംല എന്നിവർ മരിച്ചിരുന്നു. ഷംലയുടെ മൃതദേഹം നാട്ടിലെത്തിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല

ഉത്സവദിനങ്ങൾക്ക് തുടക്കം കുറിച്ച് ശബരിമല സന്നിധാനത്ത് ഇന്ന് കൊടിയേറ്റ് നടന്നു. ശരണമന്ത്രങ്ങളാൽ മുഖരിതമായ അന്തരീക്ഷത്തിലാണ് 10 ദിവസത്തെ ഉത്സവത്തിനുള്ള

കൊടിയേറ്റ് തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ കാർമികത്വത്തിൽ നടന്നത്. നാളെ മുതൽ ഈ മാസം 31 വരെ ഉച്ചപ്പൂജയ്ക്കും അത്താഴപൂജയ്ക്കും ശേഷം ഉത്സവബലിയും ശ്രീഭൂതബലിയും നടക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## ആകാശവാണി-സംഗീതോ ത്സവം

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ ഈ വർഷത്തെ സ്വാതി തിരുന്നാൾ സംഗീതോത്സവത്തിന് നാളെ തുടക്കമാകും. വൈകിട്ട് ആറ് മണിക്ക് സ്വാതി തിരുന്നാൾ സംഗീത കോളെജിൽ മൂന്ന് ദിവസത്തെ സംഗീതോത്സവം ആരംഭിക്കും. ഓച്ചിറ വി. ശിവദാസൻ, അശ്വതി തിരുന്നാൾ രാമവർമ്മ, ഡോ. ആനയടി ധനലക്ഷ്മി തുടങ്ങിയവരുടെ കച്ചേരികൾ അരങ്ങേറും.

RNUTVPM

☸☸☸☸☸☸☸☸☸☸☸☸☸

## യൂറേഷ്യൻ പ്രാപ്പിടിയൻ പക്ഷി-പാലക്കാട് (ഇൻട്രോ)

ആയിരത്തിലധികം കിലോമീറ്റർ കടന്ന് പാലക്കാട് നിളാ തീരത്ത് വീണ്ടും എത്തിയ യൂറേഷ്യൻ പ്രാപ്പിടിയൻ പക്ഷി കൗതുകമായി. തൃത്താലയിലെ നെൽവയലിലാണ് പക്ഷി നിരീക്ഷകർ യൂറേഷ്യൻ പ്രാപ്പിടിയനെ കണ്ടെത്തിയത്.

**ആകാശവാണി പാല ക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.......**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## ട്രംപ് - ഇറാൻ

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഹോർമുസ് കടലിടുക്ക് തുറക്കാൻ ഇറാന് അനുവദിച്ച സമയപരിധി അഞ്ച് ദിവസത്തേക്ക് കൂടി നീട്ടി നൽകിയതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഈ കാലയളവിൽ ഇറാനിലെ ഊർജ്ജ നിലയങ്ങൾക്ക് നേരെ ആക്രമണങ്ങൾ നടത്തില്ലെന്നും അദ്ദേഹം വ്യക്തമാക്കി. നേരത്തെ നിശ്ചയിച്ചിരുന്ന സമയപരിധി അവസാനിക്കാൻ മണിക്കൂറുകൾ മാത്രം ബാക്കിനിൽക്കെയാണ് ട്രംപിന്റെ പ്രഖ്യാപനം.

❁❁❁❁❁❁❁❁❁❁❁❁❁

## ഓഹരി /സ്വർണവില

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 1837 പോയിൻറ് കുറഞ്ഞ് 72,696 ലും, നിഫ്റ്റി 602 പോയിൻറ് താഴ്ന്ന് 22,513 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില ഇന്ന് വീണ്ടും കുറഞ്ഞു. ഉച്ചതിരിഞ്ഞ് ഗ്രാമിന് 400 രൂപ കുറഞ്ഞ് 12,435 രൂപയും, പവന് 3200 രൂപ കുറഞ്ഞ് 99,480 രൂപയുമാണ്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## കാലാവസ്ഥ

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഈ മാസം 26 വരെ പകൽ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പാലക്കാട്, കൊല്ലം ജില്ലകളിൽ ഉയർന്ന താപനില 38 °C വരെയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, ജില്ലകളിൽ താപനില 37°C വരെയും; തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ താപനില 36°C വരെയും ഉയരാൻ സാധ്യതയുണ്ട്. ഇടുക്കി, വയനാട് ഒഴികെയുള്ള 12 ജില്ലകളിൽ മഞ്ഞ ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്.

RNU TVPM